



# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക് - പാറശാല**

**ഗ്രാമപഞ്ചായത്ത്- തിരുപുറംഗ്രാമപഞ്ചായത്ത്**

വാർഡ്- ഇരുവൈക്കോണം ( വാർഡ് 2)

ഗ്രാമസഭ തീയതി : 19/10/2019

സമയം - 2:30 pm

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14

ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ

ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## തിരുപുറം പഞ്ചായത്ത്

1953 ലാണ് തിരുപുറം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല ബ്ലോക്കിൽ ഒരു കാർഷിക പ്രദേശമാണ് തിരുപുറം ഗ്രാമപഞ്ചായത്ത്. തിരുപുറം ഗ്രാമപഞ്ചായത്ത്. കൃഷിക്കും മറ്റ് ചെറുകിട വ്യവസായങ്ങൾക്കും പഞ്ചായത്ത് പ്രാമുഖ്യം നൽകുന്നുണ്ട്.

തിരുപുറം ഗ്രാമപഞ്ചായത്തിന്റെ വടക്ക് അതിയന്നൂർ ഗ്രാമപഞ്ചായത്തും, നെയ്യാറ്റിൻകര മുന്സിപ്പാലിറ്റിയും, പടിഞ്ഞാറ് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തും, കിഴക്ക് നെയ്യാർ അതിർത്തികളായ ഒരു സമതല പ്രദേശമാണ്.

**അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| ജില്ല | - തിരുവനന്തപുരം |
| താലൂക്ക് | - നെയ്യാറ്റിൻകര |
| ബ്ലോക്ക് | - പാറശ്ശാല |
| വില്ലേജ് | - തിരുപുറം |
| വിസ്തീർണ്ണം | - 8.57 ച. സെമി |
| ജനസംഖ്യ | -18577 |

വാർഡുകളുടെ എണ്ണം -14

## അതിരുകൾ

കിഴക്ക്- നെയ്യാർ

പടിഞ്ഞാറ് - കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

വടക്ക്- അതിയന്നൂർ ഗ്രാമപഞ്ചായത്ത്

തെക്ക് - അറബിക്കടൽ

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴേസൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ തിരുപുറം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ്ആയ ഇരുവൈകോണം സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 2 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

# സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17 (2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും

റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

**7 Registers പരിശോധന വിശദാംശങ്ങൾ**

1. **Job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

   213 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 78 തൊഴിലാളികളുടെ വിശദാംശങ്ങൾ, ഫോട്ടോ മുതലായ രേഖകൾ ഉണ്ടായിരുന്നില്ല.

2. **Demand register, payment of allocation of work (ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)**

   ഡിമാൻഡ് രജിസ്റ്റർ ഉണ്ടായിരുന്നില്ല.

3. **Work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )**

   168 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

4. **Fixed asset register ( പ്രവർത്തിയുടെ ലിസ്റ്റും, ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)**

   2018- 19 വരെ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉണ്ട്. ക്രമനമ്പർ, ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല

5. **പരാതി register**

   01-12-2018 -ൽ രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമാണ് രജിസ്റ്ററിൽ ഉണ്ടായിരുന്നത്. ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

6. **Material register (സാധന രജിസ്റ്റർ )**

   93 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. സി.ഐ.ബി യുടെ വിശദാംശങ്ങളോടൊപ്പം പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് സാധനസാമഗ്രികളുടെ രേഖപ്പെടുത്തലുകളും കാണാൻ സാധിച്ചു

7. **ഗ്രാമസഭ രജിസ്റ്റർ**

   19 -2- 2014 മുതൽ 29- 11 -2018 വരെ കൂടിയ ഗ്രാമസഭ മിനിട്സുകൾ ഉണ്ടായിരുന്നു. ഇതിൽ ആദ്യം രേഖപ്പെടുത്തിയിട്ടുള്ള 2 മിനിട്സുകൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല 31 -10-17 - ൽ കൂടിയതായി രേഖപ്പെടുത്തിക്കാണുന്ന ഗ്രാമസഭ മിനിറ്റസുകൾ അപൂർണ്ണമായ രേഖപ്പെടുത്തലുകളോടെയാണ് ഉണ്ടായിരുന്നത്.

**കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയൽതാഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

## വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

## ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

* രാജേഷ് കുമാർ അനൂപ-/IF/381559

* ബീന സുനിൽകുമാർ/359638

* ജെസ്‌ലെറ്റ് -/378204

* നിർമ്മല ശശിധരൻ-/IF/375759

* ശാന്തകുമാരി പ്രവീൺ-/IF/359640

* അമ്പിളി വിഷ്ണു-/IF/387211

* ലില്ലിക്കുട്ടി രാകേഷ്-/IF/356760

* ഷിബു സുജിത്ര-/IF/359636

## ഫയൽ പരിശോധന വിശദാംശങ്ങൾ

* ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, ഫോട്ടോ, വേജ് ലിസ്റ്റ് തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.

* സുചിത്രാ ഷിബു, ലില്ലിക്കുട്ടി രാകേഷ് എന്നിവർക്ക് 90 ദിവസവും തൊഴിൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

* മാസ്ട്രോളുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

**ഫീൽഡ്**

* മാസ്ട്രോളുകളിൽ രണ്ടുപേർ ഉൾപ്പെടുകയും എന്നാൽ മിക്കപ്പോഴും ഒരാൾ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തുന്നത് എന്ന് ഫീൽഡ് തല പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു.

* രാജേഷ്കുമാർ അനൂപ ഇവരുടെ ഭവനം ഫീൽഡ് വെരിഫിക്കേഷൻ ചെയ്യാൻ സാധിച്ചില്ല. മാറ്റിന് ഇതിനെക്കുറിച്ച് അറിയില്ല എന്ന് പറയുകയുണ്ടായി

*എത്ര ദിവസത്തെ മാസ്ട്രോളുകൾ ലഭ്യമായിട്ടുണ്ട് എന്ന് പലർക്കും വ്യക്തത ഉണ്ടായിരുന്നില്ല

***ഇരുവൈകോണം വാർഡിൽ 6പ്രവർത്തികൾ ആണ് നടന്നിട്ടുള്ളത്*പ്രവൃത്തിയും പ്രവർത്തികളുടെ വർക്ക്കോഡും ചുവടെ ചേർക്കുന്നു.**

* ഫലവൃക്ഷ തൈ നടീലും പരിപാലനവും-1614006996/DP/260903

Started on : 3/12/18

Ended on :

Expenditure : Rs 80142

* ഫാം പോണ്ട് നിർമ്മാണം - /IF/370800

Started on : 12/11/18

Ended on : 18/06/19

Expenditure : Rs 28623

* പറയൻവിള നെടിയവിള കൈച്ചാൽ പുനരുദ്ധാരണം -/IC/320502

Started on : 12/12/18

Ended on : 14/1/19

Expenditure : Rs 83983

* മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ- WC/346677

Started on : 04/03/19

Ended on :

Expenditure : Rs 39307

* മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-/ WC/340189

Started on : 23/02/19

Ended on :

Expenditure : Rs 48777

* ചാനൽ നവീകണം - /IC/214041

started on : 10/02/18

Ended on : 30/03/18

Expenditure : Rs 289332

# പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

**1) ഫലവൃക്ഷ തൈ  നടീലും സംരക്ഷണവും - DP/ 260903**

**ഫയൽ**

- 13 പേരുടെ എഴുതി തയ്യാറാക്കിയ ഡിമാൻഡ് ആപ്ലിക്കേഷൻ ഫോം ഉണ്ടായിരുന്നു.എന്നാൽ മസ്റ്ററോളിൽ 14 പേരുടെ പേരുകൾ കാണാൻ സാധിച്ചു.(  മോഹനൻ)
- നിയമപ്രകാരം ഫയലിൽ ഉൾകൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, ഇ-മസ്റ്ററോൾ,വേജ് ലിസ്റ്റ്, ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, മെഷർമെന്റ് ബുക്ക് എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു.
- മസ്റ്ററൊള്ളിൽ 6 പേർ തുടർച്ചയായി പ്രവൃത്തിയിൽ ഹാജർ ആകാത്തതായി രേഖപ്പെടുത്തലുണ്ട് . മസ്റ്ററോളിലെ രേഖപ്പെടത്തലുകൾ പൂർണമായിരുന്നില്ല.

**ഫീൽഡ്**

- 2 പുരയിടങ്ങളിലായിപ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നതായാണ് രേഖകളിൽ ഉള്ളത്.
- മെഷർമെൻറ് ബുക്ക് പ്രകാരം പ്രവൃത്തിയിലൂടെ 300 തൈകൾ പരിപാലിക്കപ്പെടുന്നു എന്നാണു രേഖപെടുത്തികാണുന്നത്.
- ഫീൽഡ് തല പരിശോധനയിൽ വിവിധ ഇനങ്ങളിലായി 180 തൈകളാണ്  കാണാൻ സാധിച്ചത്.
- സനൽകുമാർ, അജയ്കുമാർ എന്നിവരുടെ പുരയിടങ്ങളിൽ തൈകൾ മാറ്റി അവിടെ വാഴകൃഷി ചെയ്യുവാൻ ഭൂമപാകപെടുത്തുന്നതായി കാണാൻ സാധിച്ചു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

- പ്രവൃത്തിയിൽ 232 തൊഴിൽ ദിനങ്ങളിലായി 80142രൂപ ചെലവഴിച്ചിട്ടുണ്ട്.

**2) ഫാം പോണ്ട് നിർമ്മാണം-/IF/370800**

**ഫയൽ**

- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.
- മാസ്റ്ററോളിൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 5m നീളം, 5m വീതി, 3m ആഴം എന്നീ അളവുകളിലാണു പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.
- ഫീൽഡ്തല പരിശോധനയിൽ മെഷർമെന്റ് ബുക്കിൽ പറഞ്ഞിട്ടുള്ള അളവിൽ തന്നെ പ്രവർത്തി ചെയ്തിരിക്കുന്നതായി കാണാൻ സാധിച്ചു.
- കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തി നല്ലരീതിയിൽ ചെയ്തിരിക്കുന്നതായി കാണാൻ സാധിച്ചു.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമായി രുന്നില്ല.

- പ്രവർത്തിയിൽ 87 തൊഴിൽ ദിനങ്ങളിലായി 28623 രൂപ ചെലവഴിച്ചിട്ടുണ്ട്.

**3) പറയൻവിള നെടിയവിളകൈച്ചാൽ പുനരുദ്ധാരണം.-IC/320502**

**ഫയൽ**

- നിയമപ്രകാരംഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, വേജ് ലിസ്റ്റ്, ആക്ടിവിറ്റി ഡീറ്റെയിൽസ്, മെറ്റീരിയൽ ലിസ്റ്റ്, ഫോട്ടോ, സൈറ്റ് ഡയറി, മെഷർമെന്റ് ബുക്ക്, എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു.
- മസ്റ്ററോളിൽ 3 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തലുണ്ട്.
- സൈറ്റ് ഡയറിയിൽ 5 തൊഴിലാളികളുടെ പേരുകൾ എഴുതിയിട്ടുള്ളതായും ഇത് വെട്ടി ഇരിക്കുന്നതായും കാണുവാൻ സാധിച്ചു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 1400മീറ്ററിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തി കാണുന്നത്.
- ഫീൽഡ് തല പരിശോധനയിൽ മെഷർമെന്റ് ബുക്കിൽ പറഞ്ഞിട്ടുള്ള അളവിൽ തന്നെ പ്രവൃത്തി ചെയ്തിരിക്കുന്നതായി കാണുവാൻ സാധിച്ചു.
- വീടുകളിൽ നിന്നുള്ള മലിനജലം കൈച്ചാലിലോട്ടു ഒഴുക്കിവിടുന്നതായി കാണുവാൻ സാധിച്ചു.
- കൈച്ചാലിന്റെ ഇരുവശങ്ങളും കാടുപിടിച്ച നിലയിലാണ് ഉള്ളത്.
- പ്രവർത്തിയുടെ ഇരുവശങ്ങളിലായി 173. 5m നീളത്തിലും 1.25m വീതിയിലും നടപ്പാത കോൺക്രീറ്റ് ചെയ്തിട്ടുള്ളതായി കാണുവാൻ സാധിച്ചു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമായി രുന്നില്ല.

**4) മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/346677**

**ഫയൽ**

- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.
- മസ്റ്റ്റോളിൽ 11 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തലുണ്ട്.
- മസ്റ്ററോളിലെ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല.

**ഫീൽഡ്**

- 7 പേരുടെ പുരയിടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നതായാണ് രേഖകളിൽ ഉള്ളത്. എന്നാൽ പ്രവർത്തി 1 വ്യക്തിയുടെ പുരയിടത്തിൽ മാത്രം ചെയ്തതായാണ് ഫീൽഡ് തല പരിശോധനയിൽ കാണാൻ സാധിച്ചത്.
- മെഷർമെന്റ് ബുക്ക് പ്രകാരം 100 മഴക്കുഴികൾ, 4 വളകുഴികൾ, 126 തെങ്ങിൻ കുഴികൾ പണകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.
- ഫീൽഡ് തല പരിശോധനയിൽ 84 തെങ്ങിൻ കുഴികൾ, 2 വളകുഴികൾ, 62 മഴക്കുഴികൾ എന്നിവ പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലവും കാടുപിടിച്ച നിലയിലാണ് ഉള്ളത്.
- ഫീൽഡ് തല പരിശോധനയിൽ വിലയിരുത്താൻ സാധിച്ച പ്രവൃത്തി സ്ഥലങ്ങൾ പദ്ധതിയ്ക്ക് അനുയോജ്യമാംവിധം നടപ്പിലാക്കിയിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

**5) മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-/WC/340189**

**ഫയൽ**

- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

- മസ്റ്റ്റോളിൽ എട്ടുപേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തൽ ഉണ്ട്.
- മസ്റ്റ്റോളുകളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല.

**ഫീൽഡ്**

- 6 പേരുടെ പുരയിടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നതായാണ് രേഖകളിൽ ഉള്ളത്. എന്നാൽ പ്രവർത്തി1 വ്യക്തിയുടെ പുരയിടത്തിൽ മാത്രം ചെയ്തതായി കാണാൻ സാധിച്ചു.
- പ്രവർത്തി ചെയ്ത പുരയിടം കാടുപിടിച്ച അവസ്ഥയിലാണുള്ളത്.



- പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.
- പ്രവൃത്തി ചെയ്ത സ്ഥലത്തെക്കുറിച്ച് മേറ്റിന് വ്യക്തമായ ധാരണ ഇല്ലാതിരുന്നത് ഫീൽഡ് തല പരിശോധന ബുദ്ധിമുട്ടിലാക്കുകയും ചെയ്തു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**6) ചാനൽ നവീകരണം - IC/214041**

**ഫയൽ**

- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.
- മസ്റോളിൽ മേറ്റിന്റെ ഒപ്പ് ഉണ്ടായിരുന്നില്ല.
- 14 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തലുണ്ട്.
- മാസ്റ്ററോളിലെ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 765 മീറ്ററിലായാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്.
- ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന ദൂരപരിധിയിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായി കാണാൻ സാധിച്ചു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലവും കാടുപിടിച്ച നിലയിലായിരുന്നു.
- കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട് എന്നാൽ അത് ദ്രവിച്ച നിലയിലാണ് കാണുവാൻ സാധിക്കുന്നത്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ തൊഴിലാളികളുടെ വേതന നിരക്ക് 258 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാൻ സാധിച്ചു.

## പൊതുവായ കണ്ടെത്തലുകൾ

- എ. എം. സി. പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻപ്ലാൻ കോപ്പി, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, മസ്റ്റ്റോൾ മൂവ്മെന്റ് സ്ലിപ് , തുടങ്ങിയ രേഖകൾ ഫയലുകളിൽ ഉണ്ടായിരുന്നില്ല
- ചാനൽ പുനരുദ്ധാരണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് യാതൊരു സുരക്ഷാ സംവിധാനങ്ങളും (കൈയുറകൾ കാലുറകൾ), പ്രഥമശുശ്രൂഷ കിറ്റ് എന്നിവ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുന്നു.
- തൊഴിൽ ലഭിക്കുന്നില്ല എന്നു തൊഴിലാളികൾ പരാതി പെടുകയുണ്ടായി.
- പ്രവർത്തികളുടെ സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല. പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകളിൽ രേഖപ്പെടുത്തലുകൾ പൂർണമായി രുന്നില്ല.
- പരിശോധിച്ച ഫയലുകളിൽ ഒന്നിൽ മാത്രമാണ് ഡിമാൻഡ് ഫോം ഉണ്ടായിരുന്നത്.
- പരിശോധിച്ച എല്ലാ സൈറ്റ് ഡയറികളിൽ ജാഗ്രത സമിതി റിപ്പോർട്ട് പൂർണമായിരുന്നില്ല.

## നിർദ്ദേശങ്ങൾ.

- നിയമപ്രകാരം ഉണ്ടായിരിക്കേണ്ടതായ രേഖകൾ ഫയലിൽഉൾക്കൊള്ളിക്കേണ്ടതാണ്.
- മസ്റ്റെറോളുകളിൽ ആബ്സെന്റ് ചുവന്ന മഷികൊണ്ട് തന്നെരേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ തൊഴിലിട സൗകര്യങ്ങൾ എന്നിവ ഒരുക്കി നൽകേണ്ടതാണ്.

- **തൊഴിലാളികൾ തൊഴിൽ ഡിമാൻഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് നിർവഹണ ഏജൻസി ഉറപ്പുവരുത്തേണ്ടതാണ്.**
- **ഓരോ പ്രവർത്തിയും നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.**
- **ഫയലിൽ ഉൾക്കൊള്ളിക്കുന്ന രേഖകൾമതിയായ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്.**

## ഗ്രാമസഭ പ്രത്യേക പരാമർശങ്ങൾ

- നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളുടെ പൂർത്തീകരണത്തിനായി **മാസ്ട്രോളുകൾ ബ്ലോക്കിൽ നിന്നും ലഭ്യമാകുന്നില്ല എന്ന പരാമർശമുണ്ടായി.**
- **തൊഴിലുറപ്പ് പദ്ധതി പ്രവർത്തി സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ ആക്കണമെന്ന് ഗ്രാമസഭയിൽ പരാമർശമുണ്ടായി.**
- **ഭൂവികസനം പോലുള്ള പ്രവർത്തികളിൽ കുഴികളുടെ അളവ് കുറയ്ക്കണം എന്ന് തൊഴിലാളികൾ ആവശ്യപ്പെടുകയുണ്ടായി.**

റിപ്പോർട്ട് തയ്യാറാക്കിയത്

***BRP അനുശ്രീ***

***VRP ശ്രീജ. S***

***VRP ഷീജ. D***